0

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ വികസന കമ്മീഷണറുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 2017-18 സാമ്പത്തിക വർഷം സർക്കാർ തിരിച്ചെടുത്ത തുക തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2930/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/11/2018**

---

പരാമർശം:- 1. ജി.ഓ.(പി) നം.156/2017/ധന തീയതി 14.12.2017

2. ജി.ഓ.(പി) നം. 51/2018/ധന തീയതി 28.03.2018

3. സർക്കുലർ നം. 25/2018/ധന തീയതി 03.04.2018

4. ഗ്രാമവികസന കമ്മീഷണറുടെ 28.07.2018, 05.10.2018 തീയതികളിലെ നം.327/ഫിൻ.3/സി.ആർ.ഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഐ.എ.വൈ./പി.എം.എ. വൈ, നാഷണൽ റർബൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര-സംസ്ഥാന വിഹിതങ്ങളായി 2017-18-ൽ അനുവദിച്ചിട്ടുള്ളതും ഗ്രാമവികസന കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ (A/c. No. 701011400000119) നിക്ഷേപിച്ചിരുന്നതുമായ തുകയിൽ സൂചന(1) & (2) പ്രകാരം 1,33,04,61,269 രൂപ സർക്കാർ തിരിച്ചെടുത്തിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പിനായി അടിയന്തിരമായി തുക അനുവദിക്കേണ്ടതുള്ളതിനാൽ, സർക്കാർ തിരിച്ചെടുത്തിട്ടുള്ള പ്രസ്തുത തുക തിരികെ അനുവദിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (4 )പ്രകാരം അപേക്ഷിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.എ.വൈ./പി.എം.എ. വൈ, നാഷണൽ റർബൻ മിഷൻ എന്നീ പദ്ധതികൾക്കായി കേന്ദ്ര-സംസ്ഥാനവിഹിതങ്ങളായി ലഭിച്ചതും ഗ്രാമവികസനകമ്മിഷണറുടെ പേരിൽ തിരുവനന്തപുരം ജില്ലാട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതുമായ തുകയിൽ നിന്ന് സർക്കാർ പിൻവലിച്ച ₹133,04,61,269/- രൂപ ചുവടെ വിവരിച്ചിരിക്കുന്ന പ്രകാരം നടപ്പ സാമ്പത്തിക വർഷം (2018-19) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

| പദ്ധതി | ശീർഷകം | റിലീസ് ചെയ്യേണ്ട തുക |
|---|---|---|
| PMAY/IAY | 2501-06-197-48-10 General | 19,72,32,000/- |
| | 2501-06-789-98 (SCP) | 19,58,51,500/- |
| | 2501-06-796-98 (TSP) | 16,80,61,007/- |
| Rurban Mission | 2515-00-102-35(P) | 76,93,16,762/- |
| ആകെ | | **133,04,61,269** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള , തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ്(29.10.2018 ലെ Dev-2/275/2018-Fin പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.11.[illegible] 12:10:01 IST
Reason: Approved
സെക്ഷൻ ഓഫീസർ